പതിനാറാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 32 **22-06-2026-ൽ മറുപടിയ്ക്ക്**

കൊച്ചി മെട്രോ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ കൊച്ചി മെട്രോ നിലവിൽ പ്രതിമാസ നഷ്ടത്തിലാണോ; എങ്കിൽ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ;

മറുപടി: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ പലിശയും, depreciation-ഉം കഴിഞ്ഞുള്ള നഷ്ടം 352.49 കോടി രൂപയാണ് (പ്രതിമാസം 29.37 കോടി രൂപ).

2025-26 സാമ്പത്തിക വർഷത്തിലെ പ്രവർത്തന ലാഭം 52.65 കോടി രൂപയാണ്. (പ്രതിമാസം 4.39 കോടി രൂപ)

(ബി) കൊച്ചി മെട്രോ പ്രവർത്തനം ആരംഭിച്ച ശേഷം ഓരോ സാമ്പത്തിക വർഷവും ഉണ്ടായ പ്രവർത്തന നഷ്ടത്തിന്റെയും ലാഭത്തിന്റെയും വിശദാംശം നൽകുമോ;

മറുപടി: കൊച്ചി മെട്രോ പ്രവർത്തനം ആരംഭിച്ച ശേഷം ഓരോ സാമ്പത്തിക വർഷവും ഉണ്ടായ പ്രവർത്തന നഷ്ടത്തിന്റെയും ലാഭത്തിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	പ്രവർത്തന ലാഭം/ (പ്രവർത്തന നഷ്ടം) തുക കോടിയിൽ
2025-26	52.64
2024-25	33.34
2023-24	22.94
2022-23	5.35
2021-22	(34.94)
2020-21	(56.56)
2019-20	(13.92)

2018-19	(5.70)
2017-18	(24.19)

(സി) കൊച്ചി മെട്രോ മൂലമുണ്ടായ സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> 2013 ൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് നിർമാണം ആരംഭിച്ച കൊച്ചി മെട്രോ റെയിൽ പദ്ധതി മൂലം കൊച്ചി നഗരത്തിലെ ഗതാഗതപ്രശ്നങ്ങൾക്ക് വലിയൊരളവുവരെ പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. പൊതുഗതാഗത സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഇന്ധനങ്ങളിലേക്ക് മാറുന്നതും നഗരങ്ങളിലെ മലിനീകരണ തോത് കുറയ്ക്കാൻ സഹായകരമാണ്. കൊച്ചി മെട്രോയിലെ ആധുനിക സൗകര്യങ്ങളും മികച്ച സുരക്ഷാ സംവിധാനങ്ങളും മികച്ച യാത്രാനുഭവം ഉറപ്പാക്കുന്നു. സാമ്പത്തിക നേട്ടങ്ങൾ വിലയിരുത്തിവരുന്നു.

സെക്ഷൻ ഓഫീസർ